ദേശാഭിമാനി ധനപഥം

> കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ മാത്രമാണ് സെൻസെക്സ് മുന്നേറ്റം പ്രകടിപ്പിച്ചത്. തുടർന്നങ്ങോട്ടുള്ള പ്രകടനം ആശാവഹമായിരുന്നില്ല. എന്നാൽ ഈ സാമ്പത്തിക വർഷാവസാനത്തോടെ വിപണി മുന്നേറ്റം കൈവരിക്കും.
>
> ഗൗരവ് വിവേക് സോണി

> 3-4 വർഷമെന്ന ലക്ഷ്യത്തോടെ നിക്ഷേപിക്കാൻ ഇപ്പോൾ ഏറ്റവും അനുയോജ്യം ഓഹരിയാണ്. കാരണം ബാങ്ക് ഡെപ്പോസിറ്റുകളിൽനിന്നുള്ള വരുമാനം ഇപ്പോൾ ആകർഷകമല്ല. സ്വർണവില വല്ലാതെ ഉയർന്നു. ഓഹരിയിൽ റഗുലറായി ചെറിയ നിക്ഷേപം നടത്തിയാൽ 15 ശതമാനത്തിൽ കുറയാത്ത നിക്ഷേപം ഉറപ്പാണ്.
>
> സഞ്ജീവ്കുമാർ ഗോപാലകൃഷ്ണൻ

സഞ്ജീവ്കുമാർ ഗോപാലകൃഷ്ണൻ ഗൗരവ് വിവേക് സോണി

ജെആർജി സെക്യൂരിറ്റീസ് ലിമിറ്റഡ്

വളർച്ചയുടെ പടവുകളിൽ

വാണിജ്യകാര്യ ലേഖിക

ഇൻഡിട്രേഡ് എന്ന ബ്രാൻഡ് നാമത്തിൽ കുറ്റമറ്റ ഫിനാൻഷ്യൽ സേവനങ്ങൾ ഇന്ത്യയൊട്ടാകെ എത്തിക്കാനുള്ള തയ്യാറെടുപ്പിലാണ് ജെആർജി.

ഓഹരി -ഉൽപ്പന്ന അവധിവ്യാപാരരംഗത്തു ശ്രദ്ധ കേന്ദ്രീകരിച്ച് കേരളത്തിൽ ഒതുങ്ങിനിൽക്കുകയായിരുന്ന ജെആർജി സെക്യൂരിറ്റീസ് ഇപ്പോൾ അതിവേഗ വളർച്ചയുടെ പാതയിലാണ്. ഇൻഡിട്രേഡ് എന്ന ബ്രാൻഡ് നാമത്തിൽ എല്ലാത്തരം സാമ്പത്തിക ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കി ഇന്ത്യയൊട്ടാകെ സാന്നിധ്യമുള്ള ധനകാര്യസേവന സ്ഥാപനമാകുകയാണ് കൊച്ചി ആസ്ഥാനമായുള്ള ജെആർജി സെക്യൂരിറ്റീസ്. 2009 ഏപ്രിൽ മാസത്തിൽ ബേറിങ് പ്രൈവറ്റ് ഇക്വിറ്റി പാർട്ണേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് 80 കോടി രൂപ മുതൽമുടക്കി ഏറ്റെടുത്തതോടെയാണ് ജെആർജി ദേശീയതലത്തിൽ സാന്നിധ്യവും പ്രൊഫഷണൽ സമീപനവും കൈവരിച്ച് മുന്നേറ്റമാരംഭിച്ചത്.

ടെക്നോളജി അധിഷ്ഠിതസേവനങ്ങൾ

ഇടപാടുകാർക്ക് കുറ്റമറ്റതും വേഗമേറിയതുമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ടെക്നോളജിയുടെ പിന്തുണ ഉറപ്പാക്കുന്നതിനാണ് ജെആർജി മുൻഗണന നൽകിയതെന്ന് മാനേജിങ് ഡയറക്ടറും ചീഫ് ഫിനാൻഷ്യൽ ഓഫീസറുമായ ഗൗരവ് വിവേക് സോണി പറഞ്ഞു. കൊച്ചിയിൽ ഇതിനായി വിപുലമായ ഡാറ്റ സെന്റർ ആരംഭിച്ചു. ശാഖകൾക്കായി പ്രത്യേകം ലീഡ്സ് ലൈനകുൾ ആരംഭിച്ചു. ഇതെല്ലാം അവർക്കൊരുക്കുന്ന സേവനങ്ങൾ വേഗമേറിയതും കുറ്റമറ്റതുമാക്കി അദ്ദേഹം കൂട്ടിച്ചേർത്തു.

ഇടപാടുകാരുടെ സേവനത്തിനായി ഹെഡ് ഓഫീസിൽ 18 പേർ അടങ്ങുന്ന കസ്റ്റമർ കെയർ ഡെസ്ക് ആരംഭിച്ചതിലൂടെ ഇടപാടുകാരുടെ പ്രശ്നങ്ങൾ നേരിട്ട് മാനേജ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്താനായി. പരിഹാരത്തിനുള്ള അവസരങ്ങൾക്കു കളമൊരുങ്ങിയതോടെ പരാതികൾ കുറയുകയും അവരിൽനിന്ന് മാർഗനിർദേശങ്ങൾ ലഭിക്കുകയും ചെയ്യുന്നുവെന്ന് ഗൗരവ് അറിയിച്ചു. ബന്ധങ്ങളിലൂന്നിയുള്ള സേവനങ്ങളൊരുക്കാനും അവരുമായി നിരന്തര ആശയവിനിമയത്തിന് അവസരമൊരുക്കാനും കഴിഞ്ഞത് ശ്രദ്ധേയമായ മാറ്റങ്ങളാണ് വരുത്തിയതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

വിപുലമായ ഉൽപ്പന്നനിര

കാര്യക്ഷമമായ ക്രെഡിറ്റ് - റിസ്ക് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞതും ജെആർജിയുടെ മുന്നേറ്റത്തിന് കരുത്തേകി. ടെക്നോളജി പ്ലാറ്റ്ഫോം കൂടുതൽ ശക്തമാക്കുകയും കസ്റ്റമറുമായുള്ള ബന്ധം ഊഷ്മളമാക്കുകയും ചെയ്തതിനുശേഷം പുതിയ ഉൽപ്പന്നങ്ങളുടെ രംഗത്തേക്കു കടക്കുകയും ചെയ്തു ഗ്രൂപ്പ്. ഓഹരിവിപണനവും ഡെപ്പോസിറ്ററി സേവനങ്ങളും ഉൽപ്പന്ന അവധിവ്യാപാരം, കറൻസി ബ്രോക്കിങ്, ഇന്റർനെറ്റ് ട്രേഡിങ്, ഫോൺ അധിഷ്ഠിത സേവനങ്ങൾ എന്നിവയ്ക്കുപുറമെ ജെആർജിയുടെ ബാങ്കിങ് ഇതര ധനകാര്യ സേവനങ്ങളും ശ്രദ്ധേയമാണ്.

ഓഹരി ഈട് നൽകിയുള്ള വായ്പ, കറൻസി ട്രേഡിംഗിനു വേണ്ടിയുള്ള ധനസഹായം, സ്വർണത്തിൽ നിക്ഷേപിക്കാനുള്ള ധനസഹായം ഇവയൊക്കെ ജെആർജി ഒരുക്കുന്നുവെന്ന് ഓപ്പറേഷൻസ് ആൻഡ് ടെക്നോളജി വിഭാഗം മേധാവി സഞ്ജീവ്കുമാർ ഗോപാലകൃഷ്ണൻ പറഞ്ഞു. ടെക്നോളജി പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കുന്നത് ഇദ്ദേഹമാണ്.

ഇൻഡിട്രേഡ്

റീട്ടെയിൽ ഇടപാടുകാരിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ജെആർജിയൊരുക്കുന്ന ഫിനാൻഷ്യൽ സേവനങ്ങൾ ഇൻഡിട്രേഡ് എന്ന ബ്രാൻഡ് നാമത്തിലാണ് അറിയപ്പെടുന്നത്. ഇതിലൂടെ ഇന്ത്യയൊട്ടാകെ സുപരിചിത നാമമാകാനുള്ള തയ്യാറെടുപ്പിലാണ് ഇപ്പോൾ അഞ്ച് സംസ്ഥാനങ്ങളിലായി 475 ശാഖകളുള്ള ജെആർജി. പ്രഗൽഭരായ ജീവനക്കാരെ തെരഞ്ഞെടുത്ത് അവരുടെ കരുത്ത് പരമാവധി വിനിയോഗിക്കുന്നതിലൂടെ മികച്ചതു തന്നെ ഈ രംഗത്ത് സംഭാവന നൽകാൻ ഗ്രൂപ്പിന് കഴിയുന്നു.

ഈവർഷം പ്രവാസി ഭാരതീയർക്കായി കൂടുതൽ മികച്ച സേവനങ്ങളെത്തിക്കാൻ തയ്യാറെടുക്കുന്ന ജെആർജി ചെറുപ്പക്കാർക്കിടയിൽ ഇന്റർനെറ്റ് ട്രേഡിങ് സംവിധാനമൊരുക്കുന്നതിനും കൂടുതൽ പേരിലേക്ക് നിക്ഷേപ അവബോധമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു.

ജെആർജിയുടെ സജീവമായ ട്രേഡിങ് ഫ്ളോർ

നോമിനിക്ക് എന്തൊക്കെ

അവകാശങ്ങളുണ്ട്?

ഒരു ലൈഫ് ഇൻഷുറൻസ് പോളിസിയിലെ നോമിനിക്ക് എന്തൊക്കെ അവകാശങ്ങളുണ്ട്? പോളിസിയുടമ ഒരാളെ നോമിനിയായി നിശ്ചയിച്ചാൽ അയാൾതന്നെയാണോ പോളിസിയുടമയുടെ കാലശേഷമുള്ള അവകാശി? പലർക്കുമുള്ള സംശയമാണിത്.

ലൈഫ് ഇൻഷുറൻസ് എടുത്തിട്ടുള്ള വ്യക്തിക്ക് ഇൻഷുറൻസ് കാലാവധിക്കുള്ളിൽ ജീവഹാനി സംഭവിച്ചാൽ ഇൻഷുറൻസ് തുക ലഭിക്കുന്നത് നോമിനിക്കാണ്. എന്നാൽ ഇത് നോമിനിക്ക് അവകാശപ്പെട്ടതാണെന്നാണ് പലരുടെയും ധാരണ. നോമിനിതന്നെയാണ് ഇൻഷുർചെയ്യപ്പെട്ടിരിക്കുന്ന വ്യക്തിയുടെ നിയമപരമായുള്ള ഏക അവകാശിയെങ്കിൽ ഇക്കാര്യത്തിൽ ആശയക്കുഴപ്പമില്ല. എന്നാൽ നോമിനിക്കു പുറമെ മറ്റ് അവകാശികൾകൂടിയുണ്ടെങ്കിൽ ചില വസ്തുതകൾ പരിഗണിക്കേണ്ടതുണ്ട്.

ഏറ്റവും അടുത്ത ബന്ധുവായിരിക്കും പലപ്പോഴും നോമിനി. പോളിസിയുടമ അവിവാഹിതനാണെങ്കിൽ മാതാപിതാക്കളിലാരെങ്കിലുമാകും നോമിനി. വിവാഹിതരാണെങ്കിൽ ഭാര്യയെയോ, ഭർത്താവിനെയോ നോമിനിയാക്കും. എന്നാൽ, ആരെ വേണമെങ്കിലും നോമിനിയായി നിർദേശിക്കാൻ പോളിസി ഉടമയ്ക്കു സാധിക്കും. ഇത്തരത്തിൽ അടുത്ത ബന്ധുക്കളോ, കുടുംബാംഗങ്ങളോ അല്ലാത്തവർ നോമിനിയാകുമ്പോഴാണ് പലപ്പോഴും പ്രശ്നങ്ങളുണ്ടാകുക.

ഇക്കാര്യത്തിൽ പരക്കെയുള്ള തെറ്റിദ്ധാരണ ഇൻഷുറൻസ് തുക നോമിനിക്കുമാത്രം അവകാശപ്പെട്ടതാണെന്നാണ്. പോളിസിയുടമയുടെ നിയമപരമായ അവകാശികൾക്കാണ് ഇൻഷുറൻസ് ക്ലെയിമിന്റെ അവകാശം. ഈ തുക കമ്പനിയിൽനിന്നു വാങ്ങി യഥാർഥ അവകാശിക്കു നൽകുന്നതുവരെയുള്ള സൂക്ഷിപ്പുകാരൻ മാത്രമാണ് നോമിനി. പിന്തുടർച്ചാവകാശനിയമങ്ങളാണിവിടെ ബാധകമാകുന്നത്.

പ്രായപൂർത്തിയാകാത്തവർ നോമിനിയാകുകയാണെങ്കിൽ പ്രായപൂർത്തിയായ മറ്റൊരു വ്യക്തിയെ അപ്പോയിന്റീ ആയി നിർദേശിക്കേണ്ടതുണ്ട്. വേണമെങ്കിൽ നോമിനിയെ പോളിസി കാലാവധിക്കിടെ മാറ്റാം. ഒന്നിലേറെ നോമിനികളെ നിർദേശിക്കുകയാണെങ്കിൽ അവർക്കുള്ള വിഹിതം ശതമാനക്കണക്കിൽ ഇൻഷുറൻസ് കമ്പനിയെ അറിയിക്കേണ്ടതുണ്ട്.

നോമിനിയെ നിർദേശിക്കാതെ പോളിസിയെടുക്കാമെങ്കിലും ഇത് ക്ലെയിമിന്റെ ഘട്ടത്തിൽ ഒട്ടേറെ പ്രായോഗികബുദ്ധിമുട്ടുകൾക്കു കാരണമാകും. ഇവിടെ നിയമാനുസൃത വിൽപ്പത്രം എഴുതി അത് പ്രാബല്യത്തിലുണ്ടെങ്കിൽ അതിനാകും നിയമസാധുത. ഇത്തരം ബുദ്ധിമുട്ടുകളൊഴിവാക്കാൻ ഏറ്റവും അടുത്ത ബന്ധുവിനെ നോമിനിയാക്കുകയാണു നല്ലത്. ഇൻഷുറൻസിന്റെ ലക്ഷ്യം കൈവരിക്കാനും ക്ലെയിം ഉണ്ടാകുന്ന വേളയിൽ ആശയക്കുഴപ്പവും ബുദ്ധിമുട്ടും ഒഴിവാക്കാനും ഇതു സഹായിക്കും.

പി ജി എസ്

ബാങ്കിങ് മേഖലയിൽ മത്സരം മുറുകുകയും പരമാവധി വരുമാനം വർധിപ്പിക്കാനുള്ള ശ്രമങ്ങൾ ഏറുകയും ചെയ്തപ്പോൾ മുമ്പെങ്ങുമില്ലാത്ത വിധത്തിലുള്ള ചാർജുകളാണ് ഇപ്പോൾ ഇടപാടുകാരിൽനിന്ന് ഈടാക്കുന്നത്

ബാങ്കിടപാടുകൾ

ശ്രദ്ധിച്ചില്ലെങ്കിൽ കൈപൊള്ളും

പി ജി സുജ

ബാങ്കുകളുമായുള്ള ഇടപാടുകൾ സുരക്ഷിതമാണെന്നാണ് പൊതുവെ എല്ലാവരുടെയും ധാരണ. എന്നാൽ, ബാങ്ക് ഇടപാടുകളിൽ മറഞ്ഞിരിക്കുന്ന കഴുത്തറുപ്പൻ ചാർജുകളെക്കുറിച്ച് എത്രപേർ ശ്രദ്ധിക്കുന്നുണ്ട്? ബാങ്കിന്റെ പാസ്ബുക്ക് പതിപ്പിച്ചിട്ട് അതൊന്ന് മനസ്സിരുത്തി വായിച്ചുനോക്കിയാലറിയാം ഏതെല്ലാം വിധത്തിലുള്ള സർവീസ് ചാർജുകളാണ് ബാങ്ക് നിങ്ങളിൽനിന്ന് ഈടാക്കുന്നതെന്ന്. കേരളത്തിലെ ഒരു പ്രമുഖ വ്യവസായ ഗ്രൂപ്പിന്റെ അക്കൗണ്ട് മാനേജരുടെ വാക്കുകൾ ശ്രദ്ധിക്കൂ. ''ഞങ്ങൾക്ക് ഒരു പ്രത്യേകാവശ്യത്തിനുവേണ്ടി ഒരുവർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് ആവശ്യമായിവന്നു. ബാങ്കിന്റെ സൈറ്റിൽനിന്ന് അത്രയും ഡൗൺലോഡ്ചെയ്യാൻ പറ്റാതെവന്നപ്പോൾ ശാഖയെ സമീപിച്ചു. കുറേ ഒഴികഴിവു പറഞ്ഞെങ്കിലും ഏകദേശം 90 പേജുള്ള സ്റ്റേറ്റ്മെന്റ് അവർ തന്നു. പക്ഷേ, അത്രയും പേജുകൾ ഡൗൺലോഡ്ചെയ്തതിന് ബാങ്ക് സർവീസ് ചാർജായി ഈടാക്കിയത് 3000 രൂപ! ഓരോ പേജ് ഫോട്ടോസ്റ്റാറ്റ് എടുത്താൽപോലും 90 രൂപയേ ആകൂ.

പെട്രോൾഡീലറായ ഒരു ബാങ്ക് ഇടപാടുകാരൻ സാക്ഷ്യപ്പെടുത്തുന്നത് ബാങ്കുകൾ ഈടാക്കുന്ന നോട്ടെണ്ണൽ ചാർജിനെക്കുറിച്ചാണ്. ആദ്യത്തെ 10 കെട്ട് നോട്ട് സൗജന്യമായി എണ്ണുമെങ്കിലും തുടർന്നുള്ള ഓരോ കെട്ടിനും 10 രൂപവീതം എണ്ണൽ ചാർജായി ഈടാക്കും. ഇത്തരത്തിൽ ഈ ഡീലർക്ക് പ്രതിമാസം നഷ്ടമാകുന്ന് ഏകദേശം 1500-1800 രൂപയാണത്രേ. കോർപറേറ്റ് ഇടപാടുകാരിൽനിന്നുമാത്രമല്ല, വ്യക്തിഗത ഇടപാടുകാരിൽനിന്നും ഇത്തരത്തിലുള്ള നിരവധി മറഞ്ഞിരിക്കുന്ന ചാർജുകളാണ് ബാങ്കുകൾ ഈടാക്കുന്നത്. ഇത്തരം ചാർജുകൾ തോന്നുംവിധത്തിലാണ് ബാങ്കുകൾ ഈടാക്കുന്നത്. വിശദീകരണം ചോദിച്ചാൽ ഞങ്ങളല്ല ഹെഡ്ഓഫീസിൽനിന്നാണ് ഇത്തരം തീരുമാനമെടുക്കുന്നതെന്നറിയിച്ച് ശാഖകളിലുള്ളവർ കൈയൊഴിയുകയുംചെയ്യും.

ഈടാക്കുന്നത് വൻതുകകൾ

കോർപറേറ്റ് ഗ്രൂപ്പുകളിൽനിന്ന് പലപ്പോഴും ഓവർഡ്രാഫ്റ്റ്, ബാങ്ക് ഗാരന്റി എന്നിവയുമായി ബന്ധപ്പെട്ട ചാർജുകളാണ് ഈടാക്കുന്നത്. ഓവർഡ്രാഫ്റ്റിന്റെ പരിധി കൂടുന്ന വേളയിൽ ഇടപാടുകാരനെ അറിയുന്നതാണെങ്കിലും ടെക്നിക്കൽ ഇവാലുവേഷൻ ചാർജ് എന്ന പേരിൽ വൻതുക ഈടാക്കാറുണ്ട്. ആദായനികുതി വകുപ്പിനുവേണ്ടി ബാങ്ക് ഗാരന്റി നൽകുമ്പോൾ 25 ശതമാനം സെക്യൂരിറ്റി ഡിപ്പോസിറ്റ് അറിയുന്ന ഇപാടുകാരിൽനിന്നുപോലും ബാങ്കുകൾ ചാർജ്ചെയ്യാറുണ്ട്. ഓവർഡ്രാഫ്റ്റ് എടുക്കുന്ന വേളയിൽ ബാങ്കിന്റെ നിർദേശങ്ങൾ വായിച്ചുനോക്കാതെ ഒപ്പിട്ടുനൽകുന്നത് പലപ്പോഴും കെണിയാകാറുണ്ട്.

പുതുതലമുറ ബാങ്കുകൾ ഇടപാടുകാർക്ക് കുറേ ഓഫറുകൾ നൽകാറുണ്ടെങ്കിലും അതിലുമേറെയാണ് ഓരോ ഇനത്തിലും അവർ ഈടാക്കുന്ന ചാർജെന്ന് ഒരു വ്യാപാരി പറയുന്നു. ആർടിജിഎസ് സൗകര്യമുപയോഗിച്ച് ഒരുദിവസം അഞ്ചുലക്ഷം രൂപ ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് 25 രൂപയാണ് ഫീസ്.

ചെക്ക്ലീഫിന് മൂന്നുമുതൽ 10 രൂപവരെ ബാങ്കുകൾ ഈടാക്കാറുണ്ട്. അക്കൗണ്ടിൽ മിനിമം ബാലൻസ് ഇല്ലെങ്കിൽ പൊതുമേഖലാ ബാങ്കുകൾ 250 രൂപവരെയും പുതുതലമുറ ബാങ്കുകൾ 750 രൂപവരെയും ഓരോ കാർട്ടറിലും പിഴ ഈടാക്കും. ബാങ്കിന് സ്റ്റാൻഡിങ് ഇൻസ്ട്രക്ഷൻ നൽകുന്നതിന് 50 മുതൽ 150 രൂപവരെ പലപ്പോഴും ഈടാക്കാറുണ്ട്. സ്റ്റോപ്പ് പേയ്മെന്റ് നൽകുന്നതിന് 500 രൂപവരെ ചില ബാങ്കുകൾ ചാർജ്ചെയ്യും. ചെക്ക് മടങ്ങിയാൽ 100 രൂപ 350 രൂപവരെ ബാങ്കുകൾ ഈടാക്കും. ഇലക്ട്രോണിക് ക്ലിയറിങ് സേവനത്തിന് മുടക്കംവരിക, സർട്ടിഫിക്കറ്റ് ആവശ്യപ്പെടുക, ബാങ്ക് സ്റ്റേറ്റ്മെന്റ് (പേജിന് 35 രൂപവീതം), ചില ബാങ്കിന്റെ ശാഖകളിൽ ഇടപാടുകാരൻ നേരിട്ടുചെന്ന് ഇടപാട് നടത്തുക, അക്കൗണ്ട് അവസാനിപ്പിക്കുകയോ, പുനരുജ്ജീവിപ്പിക്കുകയോചെയ്യുക, എടിഎമ്മിന് വാർഷികചാർജ് ഈടാക്കുക തുടങ്ങിയ സേവനങ്ങൾക്കൊക്കെ ബാങ്കുകൾ തോന്നുംവിധത്തിൽ സർവീസ് ചാർജ് ഈടാക്കാറുണ്ട്.

വേണം അൽപ്പം ശ്രദ്ധ

1997നുമുമ്പുവരെ ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷ (ഐബിഎ)ന്റെ മാർഗനിർദേശമനുസരിച്ചായിരുന്നു ബാങ്കുകൾ സർവീസ്ചാർജ് ഈടാക്കിയിരുന്നതെങ്കിൽ ഇപ്പോൾ അതാത് ബാങ്കിന്റെ ഡയറക്ടർ ബോർഡുകളാണ് ചാർജ് അംഗീകരിക്കുന്നത്. ബാങ്കുകൾ വിവിധയിനത്തിൽ ഈടാക്കുന്ന ചാർജുകൾ ശാഖകളിലും അവയുടെ സൈറ്റുകളിലുമൊക്കെ പ്രദർശിപ്പിക്കണമെന്ന് ആർബിഐ നിർദേശിച്ചിട്ടുണ്ടെങ്കിലും ആരും അത് പ്രാവർത്തികമാക്കാറില്ല.

നിക്ഷേപം നടത്തുന്നവരെയും വായ്പയെടുത്തവരെയും കോർപറേറ്റ്-റീട്ടെയിൽ ഇടപാടുകാരെയുമൊക്കെ ഇത്തരം ചാർജുകൾ ബാധിക്കും. ബാങ്കുകൾ ചാർജുകളെക്കുറിച്ച് പ്രത്യേകിച്ചൊന്നും പറയാതെ അക്കൗണ്ടിൽനിന്ന് നേരിട്ട് ഈടാക്കുകയാണു പതിവ്. വലിയ നഷ്ടം സംഭവിക്കുമ്പോൾമാത്രമാണ് പലരും ഇക്കാര്യം ശ്രദ്ധിക്കുന്നതുതന്നെ.

വരാനിരിക്കുന്ന ആദ്യപാദ ഫലങ്ങൾ നിർണായകമാകും

പൊതുവെ വലിയ പ്രശ്നങ്ങൾ ഇല്ലാത്ത വാരമായിരുന്നു കടന്നുപോയത്. കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചതുപോലെ ആഗോള വിപണികൾക്കുമീതെ ആഭ്യന്തരവിപണി അതിന്റേതായ ഒരു കരുത്ത് പ്രകടിപ്പിക്കുകയുണ്ടായി. മാത്രമല്ല കഴിഞ്ഞ കുറച്ചുനാളായി നമ്മുടെ വിപണി മറ്റ് ആഗോള വിപണികളെ അപേക്ഷിച്ച് മെച്ചപ്പെട്ട പ്രകടനമാണ് നടത്തിപ്പോരുന്നത്.

വിപണി വരുംവാരം

കഴിഞ്ഞവാരം മുമ്പ് സൂചിപ്പിച്ചപോലെ 5200-5350 എന്ന നിലയിൽനിന്ന് അകന്നുനിന്നുകൊണ്ടുള്ള നീക്കമാണ് കണ്ടത്. എന്നാൽ വാരാന്ത്യമായപ്പോൾ ആഗോളവിപണികൾകൂടി മെച്ചപ്പെട്ടതിനാൽ ആഭ്യന്തരവിപണി ഈ നിലയേക്കാളും ഉയർന്നതലത്തിൽ വ്യാപാരം അവസാനിപ്പിക്കുകയുണ്ടായി. അടുത്ത ആഴ്ച വരാനിരിക്കുന്ന ഒന്നാംപാദ സാമ്പത്തിക ഫലങ്ങളിൽ മേലുള്ള പ്രതീക്ഷകളും മൺസൂൺ വടക്കേഇന്ത്യയിൽ എത്തിയതിൽനിന്നുണ്ടായ ഉണർവുമാണ് ഇതിനു പ്രധാന കാരണം. നേരത്തെ നീങ്ങിക്കൊണ്ടിരുക്കുന്നതിന്റെ മേൽ തലത്തിലാണ് വിപണി വെള്ളിയാഴ്ച അവസാനിച്ചത് എന്നതും വരാനിരിക്കുന്ന കമ്പനികളുടെ സാമ്പത്തിക ഫലം മെച്ചപ്പെട്ടതാകും എന്ന പ്രതീക്ഷയും കൂടിചേർന്ന ഒരു മെച്ചപ്പെട്ട കാഴ്ചപ്പാടാണ് വരുംവാരത്തിലെ വിപണിക്ക് നൽകുന്നത്. വിപണി ഇവിടെനിന്ന് അടുത്ത തലമായ 5470ലേക്ക് പോകാനുള്ള സാധ്യത കൂടുതലാണ്.

അലക്സ് കെ ബാബു

(കൊച്ചിയിലെ ഹെഡ്ജ് ഇക്വിറ്റീസ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറാണ് ലേഖകൻ)

അടിയന്തരാവശ്യങ്ങൾക്ക് പണം കണ്ടെത്താം

പണത്തിന് എപ്പോഴാണ് അത്യാവശ്യം വരിക എന്ന് ആർക്കും നേരത്തെ പറയാനാകില്ല. ബിസിനസിൽ ചിലപ്പോൾ പെട്ടെന്ന് അത്യാവശ്യങ്ങൾ വരാം, അല്ലെങ്കിൽ കുടുംബത്തിൽ ആർക്കെങ്കിലും ഒരസുഖം, അതുമല്ലെങ്കിൽ കൈവശമുണ്ടായിരുന്ന പണത്തിൽ അൽപ്പം കുറവ്... ഇതൊക്കെ എപ്പോഴും സംഭവിക്കാം. അപ്പോൾ എന്താണ് സാധാരണഗതിയിൽ ആദ്യം ചെയ്യുന്നത്?

ആരോടെങ്കിലും കടം വാങ്ങുകയാണ് പൊതുവെയുള്ള രീതി. അത് പക്ഷെ അവരുടെ മുഖം കറുപ്പിക്കുമെന്നതിൽ തർക്കമില്ല. എന്നാൽ അടിയന്തരാവശ്യത്തിന് പണം കണ്ടെത്തുന്നതിന് താരതമ്യേന അനായാസമായ ചില മാർഗങ്ങൾ കൂടിയുണ്ട്. അലമാരയിൽ ഭദ്രമായി പൂട്ടിവച്ചിരിക്കുന്ന സ്വർണമോ കൈവശമുള്ള ഓഹരിയോ പണയംവെച്ച് പണം കണ്ടെത്താവുന്നതേയുള്ളു. ബോണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, കിസാൻ വികാസ് പത്ര, നാഷണൽ സേവിംഗ്സ് സ്കീമുകൾ പോലുള്ള സേവിംഗ്സ് സർട്ടിഫിക്കറ്റുകൾ എന്നിവയും പണയംവച്ച് പണം കണ്ടെത്താം. പ്രമുഖ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും സ്വർണവായ്പ നൽകാറുണ്ട്. പക്ഷെ സ്വർണം പണയംവെയ്ക്കുംമുമ്പ് ചില കാര്യങ്ങൾ നിർബന്ധമായും ശ്രദ്ധിക്കണം.

സ്വർണത്തിന് എത്ര രൂപവരെ കിട്ടും, അതിന്റെ പലിശ,പ്രോസസിങ് ഫീ, സർവീസ് ചാർജ് ഇതൊക്കെ ചോദിച്ചറിയുക. പണയ കാലയളവ്, തിരിച്ചടവ് വ്യവസ്ഥകൾ, പലിശ അടയ്ക്കുന്നത് മുടങ്ങിയാലുള്ള വ്യവസ്ഥകൾ, കാലാവധി എത്തുമ്പോഴുള്ള അറിയിപ്പ് തുടങ്ങിയവയെല്ലാം വ്യക്തമായി മനസ്സിലാക്കിയിരിക്കണം. സ്ഥാപനത്തിന്റെ വിശ്വാസ്യത, ഇടപാടിലെ സുതാര്യത ഇവ ശ്രദ്ധിക്കണം.സ്വർണത്തിന്റെ വില ഉയർന്നുനിൽക്കുമ്പോൾ വിൽക്കുന്നതിലും നല്ലത് പണയം പണയം വെക്കുന്നതാണ്. പക്ഷെ അതിനുമുമ്പ് രേഖകളെല്ലാം വായിച്ചു മനസ്സിലാക്കണം.

ഓഹരി,ബോണ്ടുകൾ, സേവിങ്സ് സർട്ടിഫിക്കറ്റുകൾ,ഇൻഷുറൻസ് പോളിസികൾ തുടങ്ങിയവയും പണയംവയ്ക്കാനവസരമുണ്ട്. സെൻസെക്സിലും നിഫ്റ്റിയിലുമുള്ള ഓഹരികളാണ് ഇത്തരത്തിൽ പണയംവയ് ക്കാനാകുന്നത്. ഇവയുടെ വിപണിമൂല്യത്തിന്റെ 50 ശതമാനം വരെ വായ്പ ലഭിക്കും. ബോണ്ടുകൾ, സേവിങ്സ് സർട്ടിഫിക്കറ്റുകൾ ഇവയുടെ മൂല്യത്തിന്റെ 70-95 ശതമാനം വരെയും പോളിസികളുടെ സറണ്ടർ മൂല്യത്തിന്റെ 90 ശതമാനംവരെയും വായ്പ ലഭിക്കാൻ അർഹതയുണ്ട്. ഇവ പണയംവയ്ക്കുമ്പോൾ ഉടമസ്ഥാവകാശം കൈമാറേണ്ടിവരുന്നില്ല എന്ന പ്രത്യേകതയുണ്ട്. അതായത് പണയ കാലാവധിയിൽ അതിൽനിന്ന് ലഭിക്കുന്ന ബോണസ്, ഡിവിഡന്റ്, പലിശ ഇതിന്റെതെല്ലാം ഉടമസ്ഥത പണയക്കാരന്തന്നെയാണെന്നതിനാൽ അയാൾക്കപ്പോഴും അതിൽനിന്ന് നേട്ടമുണ്ടാക്കാനാകും.